LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും ഇടിയാൻ സാധ്യതയുള്ളതിനാൽ വാട്ടർ ടാങ്കിലേക്ക് പമ്പുചെയ്യുന്ന വെള്ളം ഉടൻതന്നെ വിതരണത്തിനായി വിടുന്നുണ്ട്. കൂടാതെ വാട്ടർ ടാങ്കിലേക്കുള്ള റോഡ് ഗതാഗതം പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും വാട്ടർടാങ്കും അനുബന്ധ റോഡും കനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ച് പരിശോധിക്കുന്നകാര്യം ആലോചിക്കുന്നതാണ്. നിലവിൽ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നത് സർക്കാർ ഉത്തരവ് നമ്പർ 194/2015/DMD തീയതി 20-5-2015 അനുസരിച്ചുള്ള മാനദണ്ഡ പ്രകാരമാണ്. സംരക്ഷണ ഭിത്തികെട്ടുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധി പ്രകാരം നിലവിൽ വ്യവസ്ഥയില്ല. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാനദണ്ഡമനുസരിച്ച് ഫണ്ട് അനുവദിക്കാൻ കഴിയുമോ എന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. കാലവർഷക്കെടുതിമൂലമുള്ള കൃഷിനാശം, മറ്റ് നാശനഷ്ടങ്ങൾ എന്നിവയ്ക്കുള്ള നഷ്ടപരിഹാരം മാനദണ്ഡ പ്രകാരം ജില്ലാ കളക്ടർക്കുതന്നെ വിതരണം ചെയ്യാവുന്നതാണ്.

7. വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ വികസന പ്രവർത്തനം

ശ്രീ. ബെന്നി ബെഹനാൻ : സർ, നമ്മുടെ സംസ്ഥാനത്തെ ഏക മൊബിലിറ്റി ഹബ്ബാണ് വൈറ്റിലയിലുള്ളത്. അത് 2011-ൽ തുടങ്ങിയതാണ്. 25 ഏക്കർ സ്ഥലമെടുത്തു, അതിനുശേഷം വേ ഇൻ-ഉം വേ ഔട്ട്-നുമായി ഒന്നേകാൽ ഏക്കർ സ്ഥലവും അക്വയർ ചെയ്ത് അതുയും സ്ഥലത്താണ് മൊബിലിറ്റി ഹബ്ബ് തുടങ്ങിയത്. അന്ന് 15 കോടി രൂപയാണ് മുതൽ മുടക്കിയത്. ഇപ്പോൾ എല്ലാ ബസുകളും അവിടെ നിന്നാണ് ടെർമിനേറ്റ് ചെയ്യുന്നത്. അന്ന് മെട്രോയുടെ അലൈൻമെന്റ് ഇതുവഴിയല്ല ഉണ്ടായിരുന്നത്. ഇപ്പോൾ മെട്രോയുടെ സ്റ്റേഷൻ വരുന്നത് മൊബിലിറ്റി ഹബ്ബിനുള്ളിലാണ്. മൊബിലിറ്റി ഹബ്ബിന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട് 433 കോടി രൂപയുടെ ഒരു പ്ലാനുണ്ടാക്കി ഗവൺമെന്റിന് നൽകിയിരുന്നു. ഗവൺമെന്റ് ഗ്യാരന്റി നിൽക്കാൻ വിസ്സമ്മതിച്ചുകൊണ്ട് ആ പ്ലാൻ അംഗീകരിച്ചില്ല. അതിനുശേഷം പ്ലാനിംഗ് ബോർഡിൽ പോയി, ഗവൺമെന്റും പ്ലാനിംഗ് ബോർഡും പറഞ്ഞത് വലിയ പദ്ധതിയായതുകൊണ്ട് കട്ട് ഷോട്ട് ചെയ്ത് പി.പി.പി. അടിസ്ഥാനത്തിൽ ഇതിന്റെ നിർമ്മാണം നടത്തണമെന്നാണ്. എമർജിംഗ് കേരളയിലും ഈ പദ്ധതിയുമായി പോയെങ്കിലും വേണ്ടത്ര പ്രതികരണം കിട്ടിയില്ല. ഇപ്പോഴുള്ള രണ്ട് സജഷനിൽ ഒന്ന്, ഡിസൈൻ ചെയ്ത്

പി.പി.പി. മോഡലിലാക്കുക എന്നതും രണ്ടാമത്തേത് ഡിസൈനൾപ്പെടെ ടെന്റർ ചെയ്യുക, സ്ഥലവും മറ്റ് റിക്വയർമെന്റ്സും മൊബിലിറ്റി ഹബ്ബിന് കൊടുക്കുക എന്നുള്ളതുമാണ്. ഈ രണ്ട് സജഷൻസും കിട്ടിയിട്ട് ഏഴ് മാസമായി. മെട്രോ സ്റ്റേഷന്റെ പണി പൂർത്തിയാകാറായി. ആ പണി പൂർത്തിയായിക്കഴിയുമ്പോൾ താഴേയ്ക്ക് ഇറങ്ങാൻപോലും കഴിയാതെ വരും. അതുകൊണ്ട് അടിയന്തരമായി പണി പൂർത്തീകരിക്കണം. ഭരണതലത്തിൽ തന്നെ ബുദ്ധിമുട്ടുണ്ട്. ചീഫ് സെക്രട്ടറി ചെയർമാനും ഡോ. ബീന സെക്രട്ടറിയുമായ ഒരു കമ്മിറ്റിയുണ്ടായിരുന്നു. അതിൽ ഡോ. ബീനയ്ക്കുശേഷം താൽക്കാലികമായി എറണാകുളം ജില്ലാ കളക്ടർ ചാർജെടുത്തു. മൂന്നുമാസം അദ്ദേഹമായിരുന്നു സെക്രട്ടറി. അതിനുശേഷം പി.ഡബ്ല്യു.ഡി. സെക്രട്ടറിയായ ഡോ. ഹനീഷിന് ചാർജ് കൊടുത്തു. അദ്ദേഹവും മാറി. ഇപ്പോൾ ഡോ. ആശാ തോമസാണ് സെക്രട്ടറി. ഞങ്ങളൊക്കെ ആ കമ്മിറ്റിയിൽ മെമ്പേഴ്സാണ്. ആകെ ഒരു പ്രാവശ്യമാണ് കമ്മിറ്റി മീറ്റിംഗ് കൂടിയിട്ടുള്ളത്. അതുകൊണ്ട് എന്റെ സജഷൻ ഗോശ്രീ മോഡലിൽ ബന്ധപ്പെട്ട മന്ത്രി ചെയർമാനും എറണാകുളം ജില്ലാ കളക്ടറോ അല്ലെങ്കിൽ അതുപോലുള്ള ഉദ്യോഗസ്ഥനോ സെക്രട്ടറിയുമായി ഒരു ബോർഡുണ്ടാക്കിയാൽ അവിടുത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും തീരുമാനമെടുക്കുന്നതിനും സാധിക്കും. അതുകൊണ്ട് ഇന്ന് ഗവൺമെന്റിന്റെ മുന്നിലുള്ള പി.പി.പി. മോഡൽ നേരത്തെ കൊടുത്തിരിക്കുന്ന 433 കോടി രൂപ കട്ട് ഷോട്ട് ചെയ്ത് പ്രായോഗികമായി നടപ്പാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. കേരളത്തിന് വളരെ പ്രതീക്ഷയോടുകൂടി വന്ന മൊബിലിറ്റി ഹബ്ബ്, ഇന്ന് പല ബസുകളും അവിടെ കയറാതെ വരുന്നു. അതുകൊണ്ട് അടിയന്തരമായി വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ പണി പുനരാരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ദീർഘദൂര ബസ്സുകൾ എറണാകുളം നഗരത്തിൽ പ്രവേശിക്കുമ്പോഴുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും റോഡ്, മെട്രോ റെയിൽ, ജലഗതാഗതം എന്നീ വിവിധ യാത്രാമാർഗ്ഗങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായ വിധത്തിൽ സംയോജിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടാണ് വൈറ്റില മൊബിലിറ്റി ഹബ്ബ് സ്ഥാപിച്ചത്. വിവിധ ഘട്ടങ്ങളിലായാണ് മൊബിലിറ്റി ഹബ്ബിന്റെ വികസനം പൂർത്തിയാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടം 2011-ൽ പ്രവർത്തന സജ്ജമായി. കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും കൂടുതൽ സർവ്വീസ് നടത്തുന്നതിനുള്ള ബസ്ബേകൾ, പൊതുഗതാഗത സംവിധാനത്തിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനുള്ള വാഹന പാർക്കിംഗ്, സ്വകാര്യ വാഹനത്തിൽവന്ന് പൊതുയാത്രാ സൗകര്യം ഉപയോഗിക്കുമ്പോൾ ആവശ്യമായി വരുന്ന പാർക്കിംഗ്, ബസ്സിൽനിന്നും ബോട്ടിലേക്കും മെട്രോയിലേക്കും തിരിച്ചുമുള്ള അനായസ യാത്രാസൗകര്യം, യാത്രക്കാർക്ക് വിശ്രമിക്കുന്നതിനും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും ആവശ്യമായ സൗകര്യങ്ങളുള്ള ടെർമിനൽ തുടങ്ങിയവയുള്ള രണ്ടാംഘട്ട വികസനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേക്ക് ആവശ്യമായ പദ്ധതി പ്ലാനിംഗ് ബോർഡിലെയും മറ്റ് വിദഗ്ദ്ധരുടെയും സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അങ്ങ് പറഞ്ഞ ഭരണപരമായ മാറ്റങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ച് എന്തൊക്കെയാണ് ചെയ്യാൻ കഴിയുന്നതെന്ന് പരിശോധിച്ച് മുന്നോട്ട് കൊണ്ടുപോകും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഏറ്റവും വേഗത്തിൽ ഉദ്ദേശിച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഭരണപരമായ മാറ്റങ്ങൾ ഞങ്ങൾ ആലോചിച്ച് ഉടനെ തീരുമാനമെടുക്കുന്നതാണ്.

8. ലൈഫ്ഗാർഡുകളുടെ പ്രശ്നങ്ങൾ

മി. സ്പീക്കർ : ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട വർക്കല കഹാറും നോട്ടീസ് തന്നിട്ടുണ്ട്. പക്ഷെ രണ്ടുപേർക്കും ഒരേ സമയം സബ്മിഷൻ അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ബഹുമാനപ്പെട്ട എളമരം കരീമിനെ സബ്മിഷൻ അവതരിപ്പിക്കുന്നതിനായി ക്ഷണിക്കുന്നു.

ശ്രീ. എളമരം കരീം : സർ, ടൂറിസം ലൈഫ്ഗാർഡുകൾ വളരെ സാഹസികമായി ജോലി ചെയ്യുന്നവരാണ്. ബഹുമാനപ്പെട്ട വർക്കല കഹാറും ഇവിടെ ഈ വിഷയം എഴുതിക്കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിലെ സീരിയസ്സ്നസ്സ് ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് മനസ്സിലാകുമല്ലോ. നിരവധി പേരുടെ ജീവൻ രക്ഷിക്കുന്ന, വളരെ അപകടം പിടിച്ചമേഖലയിൽ ജോലി ചെയ്യുന്ന ഇവർ ഇപ്പോഴും ദിവസവേതനക്കാരാണ്. കേന്ദ്ര പഠനസംഘം കേരളത്തിലെത്തിയപ്പോൾ കൊല്ലം ബീച്ചിൽ കുളിക്കാനിറങ്ങിയ രണ്ട് സെക്രട്ടറിമാരെ ലൈഫ് ഗാർഡുകൾ രക്ഷപ്പെടുത്തിയ വാർത്ത ഇന്നത്തെ പത്രങ്ങളിലുണ്ട്. വളരെ തുച്ഛമായ തുകയാണ് ഇവർക്ക് ലഭിക്കുന്ന ദിവസ വേതനം. ഇവരെ ജോലിയിൽ സ്ഥിരപ്പെടുത്തണമെന്നും അപകടകരമായ ജോലിയായതുകൊണ്ട് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കണമെന്നും സ്ഥിരപ്പെടുത്തൽ നടപടി പൂർത്തിയാകുന്നതുവരെ ദിവസവേതനം